# അക്കാദമിക മാസ്റ്റർ പ്ലാൻ




ലിറ്റിൽ ഏഞ്ചൽസ് ഇംഗ്ലീഷ്
മീഡിയം ഹൈ സ്കൂൾ
ചിറ്റാർ , പത്തനംതിട്ട.

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : പത്തനംതിട്ട
2. സ്കൂൾ കോഡ് : 38661
3. സ്കൂളിന്റെ പേര് : ലിറ്റിൽ ഏഞ്ചൽസ് EMHS ചിറ്റാർ
4. മേൽവിലാസം : ചിറ്റാർ. P.O ചിറ്റാർ
5. പിൻ കോഡ് : 699663
6. ഫോൺ നമ്പർ : 9744676781
7. ഇ-മെയിൽ വിലാസം : littleangelspta@gmail.com
8. ഗ്രാമ പഞ്ചായത്ത് : ചിറ്റാർ
9. വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട
10. സബ് ജില്ല : പത്തനംതിട്ട
11. ക്ലാസ്സുകൾ : I – X
12. മാനേജ്മെന്റ് : Unaided Recognised
13. പഠന മാധ്യമം : ഇംഗ്ലീഷ്.

# ആമുഖം

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മലയോര മേഖലയായ ചിറ്റാർ ഗ്രാമ പഞ്ചായത്തിലാണ് ലിറ്റിൽ ഏയ്ഞ്ചൽസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് ജില്ലാ തലത്തിൽ മാതൃകയായി നിലകൊള്ളുന്നു. S.S.L.C പരീക്ഷയിൽ വർഷങ്ങളായി ഉന്നത വിജയം നേടുന്നു. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാ രംഗത്തും കായിക രംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസം [Inclusive Education] പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും തൈക്കോണ്ടോ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധനത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ-ങ്ങളായ പ്രശ്നങ്ങളിൽ ഉചിതമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ കൃത്യമായി പരിഹരിക്കുകയും ചെയ്യുന്നു. അക്കാദമിക രംഗത്തെ മുന്നേറ്റത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ യുടെ ഇടപെടലും, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവരുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഭംഗിയായ ഹരിത ഭംഗിയാർന്ന വിശാലമായ സ്കൂൾ ക്യാമ്പസ്, ശിശു സൗഹൃദമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മേന്മയാണ്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതു സമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. സ്കൂൾ രൂപം കൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായ അക്കാദമിക മാസ്റ്റർ പ്ലാൻ മറ്റൊന്ന് ചേർത്തിരിക്കുന്നു

## പൊതു ലക്ഷ്യങ്ങൾ

1. വ്യത്യസ്ത മേഖലകളിൽ പ്രതിഭാധനരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അക്കാദമിക് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
2. വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയുടെയും പഠന നിലവാരം തിരിച്ചറിഞ്ഞ് അവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
3. വിദ്യാലയത്തിലെ മാനസിക, ശാരീരിക പഠന വൈകല്യങ്ങൾ ഉള്ള വിദ്യാർത്ഥികൾക്ക് കൈത്താങ്ങ് നല്കുക.
4. വിദ്യാർത്ഥി, അധ്യാപക രക്ഷകർത്തൃ ബന്ധം ഉറപ്പ് വരുത്തുക.
5. വിദ്യാലയത്തിന്റെ ഉയർച്ചയ്ക്കായ് എല്ലാ തലത്തിലും സാമൂഹിക, സാംസ്കാരിക ബന്ധം ഉറപ്പുവരുത്തുക.
6. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അത് പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുക.
7. പഠനനിലവാരം ഉയർത്തുക: വിദ്യാർത്ഥികളുടെ അറിവ്, കഴിവ്, മനോഭാവം എന്നിവ വളർത്തുന്നതിനായ് ഗുണമേന്മയുള്ള അധ്യാപക - പഠന രീതി നടപ്പാക്കുക.
8. സമഗ്ര വികസനം ഉറപ്പാക്കുക: വിദ്യാർത്ഥികളുടെ ബൗദ്ധിക, സാമൂഹിക മാനസിക, സാംസ്കാരിക, ശാരീരിക വളർച്ചയ്ക്ക് അവസരങ്ങൾ നല്കുക.
9. പുതിയ അധ്യാപന രീതി സ്വീകരിക്കുക: സാങ്കേതിക വിദ്യയും നവീന അധ്യാപന രീതികളും പഠന - പാഠനത്തിൽ ഉൾപ്പെടുത്തുക.
10. പഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുക: കല, കായികം തുടങ്ങി പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സമാന പ്രാധാന്യം നല്കുക.

## അക്കാദമികം നേട്ടങ്ങൾ

പത്തനംതിട്ട ജില്ലയിൽ എല്ലാവർഷവും S.S.L.C പരീക്ഷയിൽ 100% വിജയം നേടിവരുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നല്കി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് വിജയത്തിലേക്കെത്തിക്കാൻ നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനാകുന്ന രീതിയിൽ അദ്ധ്യാപനം നടത്തുന്നു. സ്കൗട്ട്, ഗൈഡ്, ജെ. ആർ. സി തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു.

## അക്കാദമികം പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി. ഏറ്റവും കൂടുതൽ കുട്ടികൾക്ക് വിജയം നേടിക്കൊടുക്കുന്നു. എങ്കിലും എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നില്ല. എന്നത് പരിമിതി തന്നെയാണ്. ഗണിത ലാബ്, സാമൂഹ്യ ശാസ്ത്ര ലാബ് എന്നിവ പ്രത്യേകമായില്ല. അതുപോലെ ഫിസിക്സ് ശാസ്ത്ര ലാബ് ഉണ്ടെങ്കിലും ഫിസിക്സിനും കെമിസ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ഇല്ല. എന്നുള്ളതും പരിമിതിയാണ്. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകതയും, നിരീക്ഷിച്ചും പഠിക്കുക എന്നിവ പൂർണ്ണ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്. ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ട വിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം. മറ്റൊരു വിശാലമായ മുറിയിലേക്ക് മാറ്റേണ്ടതുണ്ട്. ആകർഷകമായ നിലയിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. വിശാലമായ കളിസ്ഥലം ആവശ്യമാണ്. കായിക പഠനം കാര്യക്ഷമമാകുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്. പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠന സമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തി-നുള്ള ചില പ്രവർത്തനങ്ങൾ എങ്കിലും ഏറ്റെടുക്കുന്നതിനുള്ള പരിമിതി.

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

വികസന ലക്ഷ്യങ്ങൾ :

1. ഭാഷാ ശേഷി വികസനം.
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം : അനായാസകരമാക്കൽ
4. വായന ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലബോറട്ടറി നവീകരണം. ശാസ്ത്രം, ഗണിതം, ss
7. ലൈബ്രറി ശാക്തീകരണം
8. ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
9. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
10. പഠന യാത്രകൾ
11. സ്കൂൾ പത്രം, മാസിക
12. അധ്യാപക ശാക്തീകരണം
13. പ്രവൃത്തി പരിചയ പരിശീലനം
14. കലാ പരിപോഷണം
15. പച്ചക്കറിത്തോട്ടം
16. സാഹിത്യ ശില്പശാലകൾ
17. മെഡിക്കൽ ക്യാമ്പുകൾ
18. രക്ത ഗ്രൂപ്പ് നിർണ്ണയം
19. ലഘു ഭക്ഷണം കാര്യക്ഷമമായി പഠനത്തിന് സജ്ജമാക്കൽ

20. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
21. ഗവേഷണാത്മക പഠനം.
22. കായിക ശേഷി വികസനം.
23. ചോദ്യ പേപ്പർ ശില്പശാല
24. ഐ.ടി പഠനം: കാര്യക്ഷമമാക്കൽ
25. ഇന്ന് ദിന പുസ്തകം
26. ചിത്ര രചനാ ക്യാമ്പ്
27. ശാസ്ത്ര, ഗണിത ശാസ്ത്ര, SS, IT പ്രവൃത്തി പരിചയ മേളകൾ
28. ക്ലാസ് P.T.A കാര്യക്ഷമമാക്കൽ.

പ്രവർത്തനം: വിശദാംശങ്ങൾ

## ഇംഗ്ലീഷ് ഭാഷാപഠനം : ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യുക. | ഇംഗ്ലീഷ് ടീച്ചർ | |
| | 2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക | ഇംഗ്ലീഷ് ടീച്ചർ | |
| | 3. ഡിബേറ്റ്, സെമിനാർ തുടങ്ങിയവ സംഘടിപ്പിക്കുക | ഇംഗ്ലീഷ് ടീച്ചർ | |
| | 4. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുക. | ഇംഗ്ലീഷ് ടീച്ചർ | |
| | 5. ഇംഗ്ലീഷ് ഡയറി എഴുത്ത് ഓരോ കുട്ടിയും. | ഇംഗ്ലീഷ് ടീച്ചർ | |
| | 6. ഇംഗ്ലീഷ്, കഥ, കവിത രചന സംഘടിപ്പിക്കുക | ഇംഗ്ലീഷ് ടീച്ചർ | |
| | 7. സ്കിറ്റ്, നാടകം സംഭാഷണം നടത്തുക | " | |
| | 8. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | " | |
| | 9. ഇംഗ്ലീഷ് വ്യാകരണത്തിന് പ്രത്യേക ക്ലാസ്സ് | " | |
| | 10. ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിക്കുക. | " | |
| | 11. കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുക. | " ഇംഗ്ലീഷ് ടീച്ചർ | |

# മലയാളം

## ഭാഷാ ശേഷി വികസനം:

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും, വായിക്കാനും ഉള്ള ശേഷി വികാസം. ഭാഷ. പഠനം വിനോദകരമാക്കി പ്രശ്നം പരിഹരിക്കൽ | * അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ<br>* പദനിർമ്മാണം<br>വാക്യനിർമ്മാണം<br>* പ്രത്യേകം ക്ലാസ് | 2 മാസം | മലയാളം ടീച്ചർ |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുക<br>* ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>* വായനക്കൊരു വാർഷിക പദ്ധതി | 3 മാസം | മലയാളം ടീച്ചർ |
| 3. പത്രവായന പരിപോഷിപ്പിക്കുക. | * പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ<br>* ഓരോ ക്ലാസ്സിലും ഓരോ പത്രം<br>* രാവിലെ പ്രധാന വാർത്തകളുടെ അവതരണം. | 1 മാസം | SRG |
| 4. സർഗ്ഗശേഷി വികസനം. | * വായനാനുഭവം പങ്കുവയ്ക്കൽ<br>സാഹിത്യ ക്വിസ്<br>രചനാ ശില്പശാല | മാസത്തിൽ ഒരിക്കൽ | മലയാളം ടീച്ചർ |
| | * കവിതാ പാരായണ മത്സരം | മാസത്തിൽ ഒരിക്കൽ | |
| | * ക്ലാസ്സിലെ സ്വന്തം പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒരിക്കൽ | SRG |
| | * പുസ്തക ചർച്ച, പുസ്തകാസ്വാദനം<br>* ഇ - വായന | മാസത്തിൽ ഒരിക്കൽ | മലയാളം ടീച്ചർ |
| | * സാഹിത്യകാരന്മാരായ് സംവദിക്കൽ | | |
| | * അമ്മമാർക്കും ഒരു പുസ്തകം [ വീടുകളിലേക്ക് കുട്ടികൾ വഴി ] | ആഴ്ചയിൽ ഒരിക്കൽ | SRG, മലയാളം ടീച്ചർ |

## ഉപമേഖല : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തി നടത്തൽ | ജൂൺ - മാർച്ച് | SR. G. | |

## ഉപമേഖല: സോഷ്യൽ സയൻസ് - മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | * പ്രകടന പത്രിക<br>* പ്രചാരണം<br>* മീറ്റ് ദി കാൻഡിഡേറ്റ്<br>* ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് | വർഷത്തിൽ 2 തവണ | S.S ടീച്ചർ | |

## ഉപമേഖല: സാമൂഹ്യ ശാസ്ത്രം: ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | * വിവിധ വായനാനുഭവം തരുന്ന പുസ്തകങ്ങൾ<br>* അറ്റ്ലസ്, ഇന്ത്യ മാപ്പ് (മാപ്പ്)<br>* ക്ലാസ് ലൈബ്രറി പുസ്തക നിർമ്മിക്കൽ, വിതരണം. | വർഷത്തിൽ 1 | S.S ടീച്ചർ | |

## ഉപമേഖല: S.S ബുള്ളറ്റിൻ ബോർഡ്, പഠന യാത്രകൾ, സംവാദം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * പുതിയ അറിവുകൾ പ്രദർശിപ്പിക്കൽ | S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് പ്രദർശിപ്പിക്കുക | വർഷത്തിൽ 1. | S.S ടീച്ചർ | |
| * ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുക | ഫീൽഡ് ട്രിപ്പ് | വർഷത്തിൽ 1 | SS ടീച്ചർ | |
| * സമകാലിക വിഷയങ്ങളിൽ അറിവ് നേടുക. | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം | മാസത്തിൽ 1 | SS ടീച്ചർ | |

## ഉപമേഖല: ആരോഗ്യമുള്ള ശരീരം: മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| × ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ വിദ്യാഭ്യാസം, ആരോഗ്യം ഉറപ്പാക്കൽ | 1. തായ്ക്കോണ്ടോ | ആഴ്ചയിൽ രണ്ടു ദിവസം | കായികാധ്യാപകൻ | |

## ഉപമേഖല: സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സ്കോളർഷിപ്പുകൾ പരമാവധി കുട്ടികൾക്ക് മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | L.S.S<br>U.S.S | വർഷത്തിൽ | subject ടീച്ചർ | |

## ഉപമേഖല: സാമൂഹികം: P.T.A

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്തല P.T.A രൂപീകരിക്കൽ അക്കാദമിക് കാര്യങ്ങൾ പങ്കുവയ്ക്കൽ സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുക | S.S.L.C ക്ക് വിജയം നേടുന്നതിന് 10-ാം ക്ലാസ്സിലെ രക്ഷിതാക്കളുടെ മീറ്റിംഗുകൾ സംഘടിപ്പിക്കുക | വർഷത്തിൽ 3 തവണ | PTA<br>SRG | PTA |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം. |
|---|---|---|---|
| * കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | * ലളിതമായ പരീക്ഷണങ്ങൾ<br>* സ്കൂൾ എക്സിബിഷൻ<br>* പ്രോജക്ട് | ആഴ്ചയിൽ 2 | ആഴ്ചയിൽ 2 |
| * ശാസ്ത്ര മേഖലയിൽ പൂർണ്ണ പങ്കാളിത്തം | * അഭിമുഖം, സർവ്വേ | Science Tr | |
| * ശാസ്ത്ര ലാബ് നവീകരണം | * പ്രോത്സാഹന സമ്മാനങ്ങൾ | ആഴ്ചയിൽ 2<br>Science Tr | |
| * പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | * ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയമായി ബന്ധപ്പെട്ട ഉപകരണങ്ങൾ | ആഴ്ചയിൽ 2<br>Science Tr | ആഴ്ചയിൽ 2 |
| * ശാസ്ത്ര മാസിക പ്രസിദ്ധീകരണം | * സന്ദർഭാർത്ഥ പഠനം നിർമ്മാണം | | |
| * ചോദ്യപേപ്പർ ശേഖരണം | * ചോദ്യങ്ങൾ ശേഖരിക്കൽ | ആഴ്ചയിൽ 2<br>Science ടീച്ചർ | ആഴ്ചയിൽ 2. |
| * മോഡൽ നിർമ്മാണ ശില്പശാല | * ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ | | |
| * | | | |

## ഉപമേഖല: ഹിന്ദി മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക. | * ഹിന്ദി പത്ര വായന<br>* ലൈബ്രറി ഉപയോഗം<br>* ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനം<br>* ഹിന്ദി ഭാഷാ അസംബ്ലി | 2 ആഴ്ചയിൽ | Hindi Tr |
| | * ഹിന്ദി നാടകം നടത്തുക ക്ലാസ്തലം | 2 ആഴ്ചയിൽ | Hindi Tr |
| | * ചെറിയ വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക | 2 ആഴ്ചയിൽ | Hindi Tr. |
| | * കവിതാ പാരായണം നടത്തുക. | | |

## ഉപമേഖല: ഗണിതം:

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗണിത പഠനോപകരണങ്ങൾ ലഭ്യമാക്കൽ | * ഗണിത ലാബ് സജ്ജമാക്കുക<br>* ജ്യാമിതീയ രൂപങ്ങൾ നിർമിക്കുക<br>* ഗണിത പാർക്ക് സജ്ജീകരിക്കുക | 2 ആഴ്ച | ഗണിത ക്ലബ് | |
| * ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ<br>* ഗണിത ക്ലിനിക്ക് | * വർക്ക് ഷീറ്റിലൂടെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക | 2 ആഴ്ച | ഗണിത ക്ലബ് | |
| | * ഗണിത ക്ലിനിക്ക് | 2 ആഴ്ച | ഗണിത ക്ലബ് | |
| | * ക്ലാസ്സിലെ മിടുക്കരായ കുട്ടികളെ മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുക | 2 ആഴ്ച | ഗണിതക്ലബ് | |

## ഉപമേഖല: കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കായിക ശേഷി വർധിപ്പിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താത്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകുക.<br>ഫുട്ബോൾ, വോളിബോൾ ക്രിക്കറ്റ്<br>* രാവിലെയും വൈകും നേരവും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം | എല്ലാ ദിവസവും രാവിലെയും വൈകും നേരവും | കായികാധ്യാപകൻ | |

## ഉപമേഖല: പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രവൃത്തിപരിചയ പരിശീലനം | താത്പര്യമുള്ള കുട്ടികൾക്ക് പ്രവൃത്തിപരിചയത്തിൽ പരിശീലനം നല്കുക. വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കുക | 1 വർഷത്തിൽ 1 മാസം | SR.4 | |

## ഉപമേഖല: കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കലാഭിരുചിയുള്ളവർക്ക് പരിശീലനം | ഉപകരണസംഗീതത്തിലും മറ്റ് കലാവാസനകളിലും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നല്കൽ | ശനിയാഴ്ച, ദിവസം | SR.4. | |

## ഉപമേഖല: കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| × വിവിധതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നല്കൽ<br>× നല്ല വ്യക്തിത്വമുള്ളവരാക്കൽ | × ആത്മവിശ്വാസം ധൈര്യം ഇവ വർദ്ധിപ്പിക്കുക<br>× ഗൃഹസന്ദർശനം, കാരണം നിരീക്ഷണം, പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി കൗൺസിലിങ്ങ് ഉറപ്പാക്കൽ. ഇൻഡിവിജ്വൽ കൗൺസിലിങ്ങ് Group കൗൺസിലിങ്ങ്. | ജൂണിൽ തുടങ്ങി എല്ലാ മാസവും | കൗൺസിലിങ്ങ് ടീച്ചർ | |

## ഉപസംഹാരം

ലിറ്റിൽ ഫ്ളവേഴ്സ് സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാലയം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും, PTA യുടെയും സഹകരണം കൊണ്ട് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.